കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

e-mail: dotsr. ksad@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. ടി.എസ്.ആർ.(പി-8)/1891/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020

ഇ-മെയിൽ - dotsr.ksad@gmail.com

ഫോൺ: 0487 2331249

തീയതി: 01.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണഞ്ചേരി ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും

ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട്ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.(പി8 )1891/2016 തിയ്യതി: 01.11.2016

## തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 28.2.2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 1.2.16 മുതൽ 28.2.16 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 3/2016 മാസത്തെ വിവിധ അക്കൗണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം |
|---|---|
| മാനുവൽ രശീതികൾ | ഇല്ല |
| സാംഖ്യ രശീതികൾ - | 11506107479 മുതൽ 11506500064 വരെ |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിവരങ്ങൾ/വിശദീകരണം, 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട്/ ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |
| 11 | അനുബന്ധ പത്രികകൾ | 1(11) | |


ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ


| ക്രമ നമ്പർ | ഖണ്ഡിക | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വരവിനങ്ങളുടെ സൂക്ഷിപ്പ് | 2(1) |
| 2 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ് | 2(2) |
| 3 | രസീതി പരിശോധന | 2(3) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

വർക്ക് ഷീറ്റ് പ്രകാരമുള്ള പരാമർശങ്ങൾ ഉൾപ്പെടുത്തുക

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | താൽക്കാലിക ജീവനക്കാരെ നിയമിച്ച് തനതു ഫണ്ടിൽ നിന്നും വേതനം നൽകിയിരിക്കുന്നു. | 3(1) | |
| 2 | തെരുവുവിളക്ക് മീറ്ററിംഗ് പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3(2) | |
| 3 | മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പാക്കിയ പദ്ധതി അപാകത | 3(3) | |
| 4 | ഭവനനിർമ്മാണ പദ്ധതികൾ -ചില ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ച് തുക പൂർണ്ണമായും കൈപ്പറ്റിയിട്ടില്ല. | 3(4) | |
| 5 | അസി.സെക്രട്ടറി നടപ്പാക്കിയ പട്ടികജാതി വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികൾ | 3(5) | |
| 6 | ഡോക്യുമെന്ററി ഫിലിം നിർമ്മാണം | 3(6) | |
| 7 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3(7) | |
| 8 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ പദ്ധതി അപാകതകൾ | 3(8) | |

| | | | |
|---|---|---|---|
| 9 | റോഡ് കോൺക്രീറ്റിംഗ് – DSR സ്പെസിഫിക്കേഷൻ പ്രകാരമല്ല | 3(9) | |
| 10 | പൊതുമരാമത്ത് പണികളുടെ ടെണ്ടർ നടപടി | 3(10) | |
| 11 | മരാമത്തു പ്രവൃത്തികൾ വിഭജിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തത് | 3(11) | |
| 12 | പത്താംകല്ല് ചീപ്പിനു മുകളിലെ മണ്ണ് ലേലം | 3(12) | |
| 13 | ഇ-ടെണ്ടർ | 3(13) | |
| 14 | ബഡ്സ് സ്കൂളിനു വേണ്ടി പണിത ക്ലാസ്സ് റൂമുകൾ യഥാർത്ഥ ആവശ്യത്തനല്ല ഉപയോഗിക്കുന്നത് | 3(14) | |
| 15 | ആധുനിക ശ്മശാനം പ്രവർത്തനക്ഷമമാക്കിയിട്ടില്ല | 3(15) | |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) | |

| | | | |
|---|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) | |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 30.03.2015ലെ തീരുമാനം നം. 1 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 28.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| സാമ്പത്തികവർഷം | പരിശോധിച്ച തീയതി | നൽകിയ സാക്ഷ്യപത്രത്തിന്റെ വിവരം |
|---|---|---|
| 2015-16 | 19.10.16 | |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| 2015-16 | |
|---|---|
| മുന്നിരിപ്പ് | 47040892 |
| വരവ് | 79550066 |
| ആകെ | 126590958 |

| | |
|---|---|
| ചെലവ് | 110383146 |
| നീക്കിയിരിപ്പ് | 16707812 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 10577637 | 20859941 | 31437578 | 31437578 | - | 0 |
| വികസനഫണ്ട് എസ്.സി.പി | 5291512 | 6418000 | 11709512 | 5279035 | TC-3683098 ലാപ്സ്-2747379 | 0 |
| വികസനഫണ്ട് ടി.എസ്.പി | 1802000 | 2351000 | 4153000 | 1315729 | TC-1149000 ലാപ്സ്-1688271 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 913481 | 11747000 | 12660481 | 12647000 | ലാപ്സ്-13481 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 582124 | 5214000 | 5796124 | 5313681 | ലാപ്സ്-482443 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7138606 | 27084419 | 27084419 | 17942823 | TC-5896069 ലാപ്സ്-3245527 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 8627470 | 1895106 | 10522576 | 7722364 | TC-1895106 ലാപ്സ്-905106 | 0 |

വികസന ഫണ്ട് പൊതുവിഭാഗം ഫണ്ടിന്റെ സാംഖ്യയിലെ മുന്നിരിപ്പ് 10577637 രൂപയും ACR പ്രകാരമുള്ള മുന്നിരിപ്പ് 10600789 രൂപയുമാണ്.

## 1-6 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 302 | 273949190 | 225 | 98585917 | 15 | 62 | 74.55% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| അസി.എഞ്ചിനീയർ | 198 | 171 | 187980978 | 59883285 | 32 |
| അസി.സെക്രട്ടറി | 17 | 13 | 12436500 | 3878114 | 32 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 6 | 3 | 3430789 | 2919846 | 86 |
| കൃഷി ഓഫീസർ | 6 | 6 | 6675200 | 3433798 | 52 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1250000 | 1250000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 730000 | 730000 | 100 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 6 | 5 | 829578 | 627985 | 76 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| എൽ.വി.ഇ.ഒ. | 9 | 2 | 4191500 | 165000 | 4 |
| വി.ഇ.ഓ | 19 | 12 | 37733000 | 6677430 | 18 |
| വെറ്ററിനറി സർജൻ | 4 | 3 | 2854772 | 875800 | 31 |
| സെക്രട്ടറി | 33 | 19 | 13989918 | 10854414 | 78 |
| ഹെഡ്മിസ്ട്രസ്സ് | 5 | 5 | 1647005 | 1282395 | 78 |

## 1-7 തനതുവരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 4541533 | 7742200 | 3200667 | 70.47 |
| നികുതിയേതര വരവുകൾ | 1308786 | 1686219 | 377433 | 28.83 |
| ആകെ | 5850319 | 9428419 | 3578100 | 61.16 |

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം - 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 32 | 8 | 4 | . |
| 2 | തൊഴിൽ രഹിത വേതനം | 15 | 1 | 13 | |
| 3 | വിധവാ പെൻഷൻ | 128 | 107 | 16 | |
| 4 | വികലാംഗ പെൻഷൻ | 39 | 24 | 3 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11 | 3 | 2 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 479 | 360 | 23 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8713രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 27.9.16 | 8/16 | ലഭിച്ചിട്ടില്ല | |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 3.4.2013 | 2012-13 | 30.7.14 | |

## 1-11 അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. നിർവ്വഹണാധികാരികൾ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരുടെ വിവരങ്ങൾ

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരവിനങ്ങളുടെ രേഖകളുടെ സൂക്ഷിപ്പ്

2015-16 വർഷത്തെ നികുതി, നികുതിയേതര വരവിന്റെ രേഖകളും, രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ന്യൂനതകൾ കാണുന്നു.

1. ലേലം സംബന്ധിച്ച് രജിസ്റ്റർ, ഫയൽ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. (1)ബിൽഡിങ് പെർമിറ്റ് രജിസ്റ്ററിൽ ഏരിയ, കെട്ടിടത്തിന്റെ തരം, പെർമിറ്റ് ഫീ, അപ്ലിക്കേഷൻ ഫീ അവയുടെ രശീതി നമ്പർ എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്ററിലെ കോളങ്ങളിൽ കാണിച്ചിട്ടുള്ള കെട്ടിടത്തിന് ബാധകമായ എല്ലാ കാര്യങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(2) 2015-16 ലെ ബിൽഡിങ് പെർമിറ്റ് ഫീ, അപ്ലിക്കേഷൻ ഫീ, റെഗുലറൈസേഷൻ ഫീ എന്നിവയുടെ വാർഷിക സംക്ഷിപ്തം എഴുതിയിട്ടില്ല.

3.പരസ്യ നികുതി ബൈലോ തയ്യാറാക്കി അംഗീകരിച്ച് ആയത് ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 2-2 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

2015-16 വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾ വാടക കുടിശ്ശിക ഒടുക്കുവാനുണ്ട്. ആയത് ഈടാക്കുനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമനമ്പർ | പേര് | റൂംനമ്പർ | പ്രതിമാസ വാടക | കുടിശ്ശിക |
|---|---|---|---|---|
| 1 | ഏകനാഥൻ, പാമ്പുംകാട്ടിൽ | 3/957 | 1966 | 23592 |
| 2 | രേഖ, W/o കൊച്ചനിയൻ | 3/960 | 1909 | 22908 |
| 3 | രാജൻ, പള്ളത്തുപറമ്പിൽ | 3/964 | 1763 | 21156 |
| 4 | എൻ. വി. ജോസ് | 3/965 | 1639 | 19668 |
| 5 | മജീദ് | 3/972 | 1103 | 4822 |
| 6 | സെക്രട്ടറി , ക്ഷീരോത്പാദക സഹകരണസംഘം | 3/1192 | 458 | 5496 |
| 7 | കെ.എസ്.ഇ.ബി. | 4/15-21 | 8510 | 76590 |

## 2-3 രശീതി പരിശോധന

2015-16 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് രശീതി വരവ് പരിശോധിച്ചതിൽ 24011, 24012 നമ്പർ രശീതി ബുക്കുകൾ ഉപയോഗിച്ച് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട്. ഇത്തരം രശീതികളിൽ വാർഡ് നമ്പർ, കെട്ടിട നമ്പർ, എന്നിവ ചേർത്തിട്ടില്ല. സ്ഥാപനത്തിന്റെ ലൈസൻസ്, പ്രവർത്തനം, എന്നിവ മോണിറ്റർ ചെയ്യുന്നതിന് പേര്, കെട്ടിട നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 താൽക്കാലിക ജീവനക്കാരെ നിയമിച്ച് തനതുഫണ്ടിൽ നിന്നും വേതനം നൽകിയിരിക്കുന്നു.-298200രൂപ തടസ്സപ്പെടുത്തുന്നു.

താൽക്കാലിക ജീവനക്കാരെ നിയമിച്ച് തനതുഫണ്ടിൽ നിന്നും ഉത്തരവുകൾക്ക് വിരുദ്ധമായി വേതനം നൽകിയിരിക്കുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

G.O.(M.S)12/07 തസ്വഭവ തിയ്യതി 10.01.07 പ്രകാരം പഞ്ചായത്തിൽ രണ്ടു ജീവനക്കാരെ (എൽ.ഡി.സി., ഓവർസീയർ) 75 ദിവസത്തേയ്ക്ക് നിയമിക്കാവുന്നതാണ്. നിലവിലുള്ള ദീർഘകാല ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്താവുന്നതാണ്. എന്നാൽ ആയതിനു വിരുദ്ധമായി മേൽ ഉത്തരവു പ്രകാരം ജീവനക്കാരെ നിയമിക്കുകയും ആയത് വർഷം മുഴുവനും തുടർന്നുവരികയുമാണ് ചെയ്യുന്നത്. ആയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ മേൽ പ്രവണത ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 തെരുവുവിളക്കു മീറ്ററിംഗ് പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

തെരുവു വിളക്ക് മീറ്ററിംഗ് നടപ്പാക്കുന്നതിനായി 2012-13 സാമ്പത്തികവർഷം പ്രോജക്ട് നമ്പർ 164/13പ്രകാരം 84018 രൂപയും (ഡി.ഡി.നമ്പർ 934519/8.11.12) 342915 രൂപയും (ഡി.ഡി.നമ്പർ 934518/8.11.12) കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തികവർഷവും പഴയനിരക്കിലുള്ള വൈദ്യുതിചാർജ് ആണ് അടവാക്കി വരുന്നത്. ആയതിനാൽ തെരുവുവിളക്കു മീറ്ററിംഗ് പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 മെഡിക്കൽ ഓഫീസർ (ഹോമിയോ )നടപ്പിലാക്കിയ പദ്ധതി- പണം അടച്ച് ഒരു വർഷം കഴിഞ്ഞിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല

2015-16 വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥയായ ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന വാങ്ങൽ (പ്രൊജക്ട് നമ്പർ 266/2015-16) എന്ന പ്രൊജക്ട് നടപ്പിലാക്കാനായി സംരക്ഷണ ഫണ്ട് - റോഡിതരത്തിൽ നിന്നും 1,00,000/- രൂപ (ട്രഷറി ബിൽ 1/30.09.15) പിൻവലിച്ച് ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. എന്നാൽ പണമടച്ച് ഒരു വർഷം കഴിഞ്ഞിട്ടും മരുന്നുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിച്ച് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതു വരെ ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-4 ഭവനനിർമ്മാണ പദ്ധതികൾ - ചില ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല

ഗ്രാമ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2014-15, 2015-16 വർഷങ്ങളിൽ ആരംഭിച്ച താഴെപ്പറയുന്ന പദ്ധതിയിലെ ചില ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല. സബ്സിഡി തുക 2 ലക്ഷം രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1)ജവഹർ ഭവനനിർമ്മാണ ധനസഹായം - ജനറൽ (പ്രൊജക്ട് നം.255/2015-16)

20 പേർ കരാർ വച്ച് പ്രവൃത്തി ആരംഭിച്ചു. കരാർ പ്രകാരം പ്രവൃത്തി 31.3.2016 ന് പൂർത്തികരിക്കേണ്ടതാണ്. നിലവിൽ താഴെപ്പറയുന്ന 9 പേർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | കൈപ്പറ്റിയ തുക (₹)/വർഷം | ആകെ |
|---|---|---|---|
| 1 | ഷീബ .പി,ആർ,<br>പതിക്കൊടി,<br>പാണഞ്ചേരി | 140000(2015-16) | 180000 |
| | | 40000(2016-17) | |
| 2 | ജോസഫ്,<br>മടത്തിപ്പറമ്പിൽ, | 80000(2015-16) | 80000 |

| | | | |
|---|---|---|---|
| | പായ്ക്കണ്ടം, പീച്ചി | | |
| 3 | കൗസല്യ ശെൽവരാജ്, പാലക്കൽ, പൂവൻചിറ | 80000(2015-16) 60000(2016-17) | 140000 |
| 4 | സരള, കാലായിൽ വീട്, പട്ടിക്കാട് | 80000(2015-16) 100000(2016-17) | 180000 |
| 5 | സുഭദ്ര അശോകൻ, കാരേപ്പാടൻ, ആല്പാറ, കണ്ണാറ | 80000(2015-16) 60000(2016-17) | 140000 |
| 6 | ഷെയ്ത്തുൻ ബീബി, താഴത്തുപറമ്പിൽ, ചാന്നോത്ത്, പട്ടിക്കാട് | 80000(2015-16) 60000(2016-17) | 140000 |
| 7 | മേരി ഷാജി, പാലാട്ടിക്കുന്നത്താൽ, കരിപ്പനക്കുന്ന് | 80000(2015-16) 100000(2016-17) | 180000 |
| 8 | ലത സുരേഷ്, വെളിയിൽ, വീണ്ടശ്ശേരി | 80000 (2015-16) 100000(2016-17) | 180000 |
| 9 | വിലാസിനി ബിജു, കുറുപ്പശ്ശേരി, കൊമ്പഴ, വാണിയമ്പാറ | 80000 (2015-16) 60000 (2016-17) | 140000 |

2) 2014-15 വർഷം ആരംഭിച്ച പ്രത്യേക ഘടക പദ്ധതി ഫണ്ടുപയോഗിച്ചുള്ളതും നിലവിൽ സ്പിൽ ഓവറുമായ ഭവനപദ്ധതിയിൽ (പ്രൊജക്ട് നം. 142/2015-16) അമ്മിണി ഗോപാലൻ, നടുക്കുഴിയിൽ, ആശാരിക്കാട് എന്ന ഗുണഭോക്താവിന് 2014-15,2015-16 വർഷങ്ങളിൽ യഥാക്രമം ₹20000, ₹120000 എന്നിങ്ങനെ മൊത്തം ₹140000 നല്കിയിട്ടുണ്ട്.

മേല്പറയുന്ന ഗുണഭോക്താക്കൾക്കുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി സ്വീകരിക്കാൻ വിസമ്മതിക്കുന്നുവെങ്കിൽ അവർക്കെതിരെ കരാർ ലംഘനത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പട്ടികജാതി വിഭാഗക്കാർക്കുള്ള വിവിധ പദ്ധതികൾ- നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ച് ഗുണഭോക്താക്കൾ ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ താഴെപ്പറയുന്ന പദ്ധതികളിലെ ചില ഗുണഭോക്താക്കൾ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1)പട്ടികജാതി ഭവനനിർമ്മാണം - (പ്രൊജക്റ്റ് നം.103/2015-16)

2015-16 ൽ കരാർ വച്ച് പ്രവൃത്തി ആരംഭിച്ച താഴെപ്പറയുന്ന 4 പേർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല. കരാർ പ്രകാരം പ്രവൃത്തി 31.3.2016 ന് പൂർത്തികരിക്കേണ്ടതാണ്.സബ്സിഡി തുക 3 ലക്ഷം രൂപയാണ്.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | കൈപ്പറ്റിയ തുക (₹)/വർഷം | ആകെ |
|---|---|---|---|
| 1 | ഉണ്ണി.കെ.കെ, കൊല്ലംകുടിയിൽ, മഞ്ഞക്കുന്ന് | 210000(2015-16) 60000(2016-17) | 270000 |
| 2 | ശിവരാമൻ, നെല്ലിപ്പറമ്പിൽ, ആയോട് | 210000(2015-16) 60000(2016-17) | 270000 |
| 3 | സരോജിനി, കിഴക്കെക്കളം, വാണിയമ്പാറ | 210000(2015-16) 60000(2016-17) | 270000 |
| 4 | അമ്മിണി, കാടൻപാറ, പൂവൻചിറ | 30000(2015-16) | 30000 |

2) പട്ടികജാതി കുടുംബങ്ങൾക്ക് സാനിറ്ററി കക്കൂസ്( പ്രൊജക്റ്റ് നം.22/2015-16)

കക്കൂസ് നിർമ്മാണത്തിനുള്ള ആനുകൂല്യം ഭാഗികമായി കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തികരിച്ച് ധനസഹായം പൂർണ്ണമായി കൈപ്പറ്റിയിട്ടില്ല. സബ്സിഡി തുക 8000 രൂപയാണ്.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | ഡി.ഡി.നം/തീയതി | കൈപ്പറ്റിയ തുക(₹) |
|---|---|---|---|
| 1 | രവി പുത്തൻപുരക്കൽ, ആയോട് | 635901/30.11.15 | 4000 |
| 2 | സജിത.പി.കെ, പ്ലാവളപ്പിൽ, കണ്ണാറ | 635902/30.11.15 | 4000 |
| 3 | സജിത, കൊമ്പത്ത് വീട്, കണ്ണാറ | 698877/29.7.15 | 4000 |
| 4 | തങ്ക, മാരാത്ത്, പാണഞ്ചേരി | 638820/22.2.16 | 4000 |

മേല്പറയുന്ന ഗുണഭോക്താക്കൾക്കളുടെ ഭവന നിർമ്മാണം/കക്കൂസ് നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി കൈപ്പറ്റാത്ത പക്ഷം അവർക്കെതിരെ കരാർ ലംഘനത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ഡോക്കുമെന്ററി ഫിലിം നിർമ്മാണം- ചെലവ് അനുവദനീയമാക്കിയുള്ള സർക്കാർ ഉത്തരവ് നിലവിലില്ല- 2015-16 ലെ ₹148000 യുടെ ചെലവ് നിരാകരിക്കുന്നു

പ്രധാന അധ്യാപിക നിർവ്വഹണോദ്യോഗസ്ഥയായി ഗ്രാമപ്പഞ്ചായത്തിന്റെ ചരിത്രം, കല, സംസ്കാരം, വികസന നേട്ടങ്ങൾ എന്നിവ സംബന്ധിച്ചുള്ള " ഞാൻ എന്റെ ഗ്രാമത്തെ അറിയുന്നു " എന്ന പേരിൽ ഡോക്യുമെന്ററി ഫിലിം നിർമ്മിച്ച വകയിൽ 2014-15, 2015-16 വർഷങ്ങളിലായി താഴെപ്പറയും പ്രകാരം ₹ 3,48,000/- ചെലവഴിച്ചിട്ടുണ്ട്.

| വർഷം | ചെലവഴിച്ച തുക(₹) | ട്രഷറി ബിൽ നം., തീയതി |
|---|---|---|
| 2014-15 | 100000 | 3/28.3.15 |
| 2014-15 | 100000 | 8/28.3.15 |
| 2015-16 | 100000 | 2/28.9.15 |
| 2015-16 | 48000 | 3/28.9.15 |

| | | |
|---|---|---|
| ആകെ | 348000 | |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി – പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിൽ [സ.ഉ. (എം. എസ്.) നം.362/13 /ത.സ്വ.ഭ.വ./ 16.11.2013] ഇത്തരം പ്രൊജക്ടുകൾ എറ്റെടുത്ത് നടപ്പിലാക്കാൻ വ്യവസ്ഥയില്ലായെന്നതിനാൽ 2015-16 വർഷത്തെ ₹1,48,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-7 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1. രേഖകൾ ഹാജരാക്കിയിട്ടില്ല-879163-തടസ്സപ്പെടുത്തുന്നു.
1)ട്രഷറി ബിൽ നമ്പർ - 2/15-16/29.7.15
പ്രോജക്ട് – സോഷ്യൽ സെക്യൂരിറ്റി മിഷന് സംഭാവന
പ്രോജക്ട് നം. SO101/15
തുക-₹ 2,00,000/-

മേൽ തുകയുടെ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല.

2)എസ്.എസ്.എ.വിഹിതം

പ്രോജക്റ്റ് – SO-206/16

ട്രഷറി ബിൽ നമ്പർ-10/15-16/15.10.16

തുക –₹ 5,72,163/-

ഡി.ഡി. നമ്പർ 701368/16.10.15 പ്രകാരം ജില്ലാ പ്രോജക്ട് ഓഫീസർ തൃശ്ശൂർക്ക് നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കാത്തതിനാൽ 7,72,163/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3)പ്രോജക്ട് നമ്പർ 75/15-16

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

ഓഫീസിലെ എല്ലാ സീറ്റുകളിലേയ്ക്കും 13 സെറ്റ് കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ് ചെയ്യുന്നതിനോടനുബന്ധിച്ച് ഇലക്ട്രിഫിക്കേഷൻ, പവർ പോയന്റ് പ്രവൃത്തി അടിയന്തിരമായി നടത്തിയതിന്റെ ചെലവ് പ്രകാരം സെക്യൂർ സിസ്റ്റംസിനു തുക നൽകിയത്

വൗച്ചർനമ്പർ - 51500442/2.10.15

തുക - ₹ 1,07,000/-

ചെക്ക് നമ്പർ - 1557285/18.9.15

ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. 1,07,000/- രൂപ തടസ്സപ്പെടുത്തുന്നു.

2. തെരുവുവിളക്ക് പരിപാലനം – ഒരേ ആവശ്യത്തിനു ഒന്നിൽ കൂടുതൽ പ്രോജക്ടുകൾ നടപ്പാക്കിയിരിക്കുന്നു.

തെരുവു വിളക്ക് പരിപാലനം (ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും -106/16), തെരുവു വിളക്ക് അറ്റകുറ്റപ്പണി (ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും – 76/16), തെരുവു വിളക്ക് പരിപാലനം (89/16) എന്നിങ്ങനെ ഒരേ ആവശ്യത്തിനു ഒന്നിൽ കൂടുതൽ പ്രോജക്ടുകൾ 2015-16 സാമ്പത്തികവർഷം നടപ്പാക്കിയിട്ടുണ്ട്. ഈ പ്രവണത ഒഴിവാക്കേണ്ടതാണ്.

# 3-8 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - പദ്ധതി നടത്തിപ്പിലെ അപാകം

1. 2015-16ൽ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി വാഹനവാടക നല്കിയിട്ടുണ്ട്. ഫയലിൽ പരിശോധനയ്ക്ക് ലഭിച്ച ട്രിപ്പ് ഷീറ്റിൽ യാത്ര നടത്തിയ തിയതി, സ്ഥലം, ദൂരം, യാത്രാസമയം എന്നിവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഔട്ട് റീച്ച് ഇമ്മ്യൂണൈസേഷൻ പദ്ധതി, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി എന്നിവയ്ക്കായി തുക ചെലവഴിച്ചതിലും ഇത്തരം അപാകങ്ങൾ ഉണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.
(1)ട്രഷറി ബിൽ നമ്പർ -10/15-16, 40800 രൂപ ,വൗച്ചർ നമ്പർ 17, 19, 21, 23, 25, 27, 29, 31, 33, 35 / 9-15,1300 രൂപ വീതം (പെയിൻ ആന്റ് പാലിയേറ്റീവ് കെയർ)
(2) ബിൽ നമ്പർ 7/15-16,19-8-15 പ്രകാരം 1600 രൂപ
2. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിനായി വാഹനം വാടകയ്ക്കെടുക്കുന്നത് ഒരു ദിവസത്തേക്ക് 1300 രൂപ നിരക്കിനാണ്. ക്വട്ടേഷൻ ക്ഷണിക്കാതെയാണ് ഈ നിരക്ക് നല്കിയിരിക്കുന്നത്.

# 3-9 .റോഡ് കോൺക്രീറ്റിങ്ങ്-DSR സ്പെസിഫിക്കേഷൻ പ്രകാരമല്ല

2015-16 വർഷത്തിൽ പഞ്ചായത്തുകളുടെ മരാമത്തു പ്രവൃത്തികൾ ഡിഎസ്ആർ - 2014 സ്പെസിഫിക്കേഷൻ പ്രകാരമാണ് ചെയ്യിട്ടുള്ളത്. DSR-2014 പ്രകോരം റോഡ് കോൺക്രീറ്റിങ്ങിന് (സ്പെസിഫിക്കേഷൻ 16-42) ‘cement concrete 1:2:4 (1cement 2coarse sand 4graded stone agregate 40mm nominal size) in pavements, laid to required slope and camber in panels as required including consolidation finishing and complete’ എന്നതാണ് ഉപയോഗിക്കേണ്ടത്. എന്നാൽ പാണഞ്ചേരി പഞ്ചായത്തിൽ കോൺക്രീറ്റിങ്ങിന് 1:4:8 ഉം 1:2:4ഉം ഉപയോഗിച്ച് വരുന്നുണ്ട്. ഇത് DSR (CPWD) സ്പെസിഫിക്കേഷൻ പ്രകാരമല്ല. ആയത് ഒഴിവാക്കേണ്ടതാണ്.

# 3-10 പൊതുമരാമത്തു പ്രവൃത്തികളുടെ ടെണ്ടർ നടപടി സംബന്ധിച്ച്

പാണഞ്ചേരി ഗ്രാമപഞ്ചായത്ത്, 2015-16 വർഷത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടി ക്രമങ്ങളുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) 2015-16 വർഷത്തിൽ 5ലക്ഷവും അതിനുമേലേയും മതിപ്പുചെലവുവരുന്ന എല്ലാ പൊതുമരാമത്തുപ്രവൃത്തികളും ഇ-ടെണ്ടർ ചെയ്യണമെന്നാണ്. എന്നാൽ പഞ്ചായത്തിൽ 5 ലക്ഷത്തിനുമുകളിൽ മതിപ്പുചെലവുവരുന്ന രണ്ടു പ്രവൃത്തികൾ മാത്രമാണ് ഇ-ടെണ്ടർ ചെയ്തിട്ടുള്ളത്.

2) ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികൾക്ക് താരതമ്യേന മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്. (ഒരെണ്ണത്തിനു 4ഉം ഒരെണ്ണത്തിന് 5ഉം വീതം)

3) ഇ-ടെണ്ടർ അല്ലാതെയുള്ള ടെണ്ടറുകൾക്ക് മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടറുകൾ ലഭിച്ചിട്ടില്ല. എല്ലാ പ്രവൃത്തികൾക്കും രണ്ടു ടെണ്ടർ വീതം മാത്രമാണ് ലഭിച്ചിട്ടുള്ളത്.

4) 5ലക്ഷവും അതിനുമുകളിലും മതിപ്പുചെലവു വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യണം എന്നതുകൊണ്ടായിരിക്കാം മിക്ക പ്രവൃത്തികളുടേയും മതിപ്പുചെലവ് ₹ 4,95,000/- ആക്കി പരിമിതപ്പെടുത്തി ടെണ്ടർ ചെയ്തിരിക്കുന്നത്.

ടെണ്ടർ നടപടിക്രമങ്ങൾക്ക് നിലവിലുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

# 3-11 മരാമത്ത് പ്രവൃത്തികൾ വിഭജിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തത് സംബന്ധിച്ച്.

2015-16വർഷത്തിൽ പഞ്ചായത്തിലെ പല റോഡു പ്രവർത്തികളും വിഭജിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

ഉദാ-1)റോസ് ഗാർഡൻ റോഡ് റീച്ച് 1 , മെറ്റലിങ്ങ് ടാറിങ്ങ് – വാർഡ് 3

Project No. 108/16

റോസ് ഗാർഡൻ റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് വാർഡ് 3 Project No.146/16

2)Project No. 3/16-വടക്കേമൂല കോരംകുളം റോഡ് റീടാറിങ്ങ്,

Project No. 4/16 വടക്കേമൂല കോരംകുളം റോഡ് റീടാറിങ്ങ്

3)Project No 191/16 പൊടിപ്പാറ scകോളനി റോഡ് റീച്ച് 1

Project No 195/16 പൊടിപ്പാറ scകോളനി റോഡ് 2nd reach

ഇത്തരത്തിൽ പ്രവൃത്തികൾ വിഭജിച്ചു നൽകുന്നത് ഉചിതമല്ല

# 3-12 പത്താംകല്ല് ചീപ്പിനു മുകളിലെ മണ്ണ് ലേലം

## സംബന്ധിച്ച്.

30.9.2015 ലെ പഞ്ചായത്തു കമ്മറ്റി തീരുമാനം നമ്പർ 7പ്രകാരം പത്താംകല്ല് ചീപ്പിന്റെ മുകളിലെ മണ്ണ് ലേലം ചെയ്യുന്നതിന് ആവശ്യമായ അളവെടുത്ത് ടെണ്ടർ ചെയ്തുകൊടുക്കാൻ എൽ.എസ്.ജി.ഡി. എ.ഇ.യെ അധികാരപ്പെടുത്തുകയുണ്ടായി. ആയതിന്റെ തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-13 ഇ-ടെൻഡർ -ടെൻഡർ ഫോമിന്റെ വില പഞ്ചായത്തിനു ലഭ്യമായിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തിൽ ടെൻഡർ നടത്തിയ മരാമത്തു പ്രവൃത്തികൾക്ക് ലഭിച്ച ടെൻഡറുകളുടെ എണ്ണവും, അതിന് ലഭിക്കാനുള്ള ടെൻഡർ ഫോമിന്റെ വിലയും പഞ്ചായത്തിനു ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | ലഭ്യമായ ടെണ്ടറുകളുടെ എണ്ണം | ടെൻഡർ ഫോമിനത്തിൽ ലഭ്യമാകേണ്ട തുക |
|---|---|---|
| JKM 2015-16 കുറാലി കൾവർട്ട് | 4 | (2000+100VAT)x4 = 8400 |
| JKM 2015-16 കുരങ്ങൻപാറ കൾവർട്ട് | 5 | (2000+100VAT)x5 =10500 |
| | | 18900 |

ലഭിക്കാനുള്ള ടെൻഡർ ഫോമിന്റെ വില ഈടാക്കി വിവരം ഓഡിററിൽ അറിയിക്കേണ്ടതാണ്.

# 3-14 ബഡ്സ് സ്കൂളിനുവേണ്ടി പണിത ക്ലാസ്സ് റൂമുകൾ യഥാർത്ഥ ആവശ്യത്തിനല്ല ഉപയോഗിക്കുന്നത്

പ്രോജക്ട് നമ്പർ - SO 250/16

സാമ്പത്തികവർഷം - 2015-16

എസ്റ്റിമേറ്റ് – 495000/

എഗ്രിമെന്റ് നമ്പർ - 103/LSGD/2015-16 dtd .1.10.15

കരാറുകാരൻ - ജോർജ്.എം.വൈ.

2014-15 സാമ്പത്തിക വർഷത്തിൽ 1000000 രൂപ എസ്റ്റിമേറ്റിൽ ആരംഭിച്ച ബഡ്സ്

സ്കൂളിന്റെ പൂർത്തീകരണത്തിനായാണ് 2015-16 വർഷത്തിൽ 500000 രൂപ അടങ്കലിൽ SO250/16 എന്ന പ്രോജക്ട് വച്ചത്. നിലവിലുള്ള എൽ.പി.സ്കൂൾ കെട്ടിടത്തിനു മുകളിൽ രണ്ടു ക്ലാസ്സ് റൂമാണ് ഇതിനു വേണ്ടി ഒരുക്കിയിരുന്നത്. എന്നാൽ ഇപ്പോൾ ഈ ക്ലാസ്സ് റൂമുകൾ ബഡ്സ് സ്കൂളിന്റെ ആവശ്യത്തിനു വേണ്ടിയല്ല ഉപയോഗിക്കുന്നത്. കൂടാതെ പഞ്ചായത്തിൽ നാളിതുവരെ ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിച്ചിട്ടില്ല. ബഡ്സ് സ്കൂളിനുവേണ്ടി പണിത ക്ലാസ്സ് റൂമുകൾ യഥാർത്ഥ ആവശ്യത്തിൽ നിന്നും വ്യതിചലിച്ച് പ്രവർത്തിക്കുന്നതിനു വിശദീകരണം നൽകേണ്ടതും ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-15 ആധുനിക ശ്മശാനം പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

സാമ്പത്തികവർഷം -2015-16

പ്രോജക്ട് നമ്പർ- SO307/16

എസ്റ്റിമേറ്റ്-495000

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

2014-15 സാമ്പത്തികവർഷം 3228921 രൂപയും 2015-16 വർഷത്തിൽ 495000 രൂപയും അടക്കം മൊത്തം 3723921/-രൂപ ചെലവഴിച്ച് നിർമ്മിച്ച ആധുനിക ശ്മശാനം 3.10.15 ൽ ഉദ്ഘാടനം നടത്തിയിട്ടുണ്ടെങ്കിലും നാളിതുവരേയും ടി ശ്മശാനം ഉപയോഗപ്രദമാക്കിയിട്ടില്ല. ഇത്രയും തുക മുടക്കി നിർമ്മിച്ച ശ്മശാനം പ്രവർത്തനസജ്ജമാക്കി പൊതു ജനങ്ങൾക്ക് തുറന്നു കൊടുക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്, നം. | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | - | പൂവ്വൻചിറ കുടിവെള്ള പദ്ധതി | - | 1189 |
| ബ്ലോക്ക് പഞ്ചായത്ത് | 2011-12 മുതൽ | - | - | - | 187495* |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 200000 | സാന്ത്വന പരിചരണ | 100000 | 100000 |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതി | | |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 450000 | ക്ഷീരസംഘങ്ങൾ മുഖേന കാലിത്തീറ്റ വിതരണം | 450000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 150000 | ശീരീരിക മാനസിക വെല്ലുവിളി - സ്കോളർഷിപ്പ് | - | 150000 |
| | | | | | 438684 |

*187495 രൂപ ആരംഭബാക്കി 2011-12 മുതൽ ബാലൻസുള്ള തുകയാണ്. ആയതിന്റെ വിശദാംശങ്ങൾ പഞ്ചായത്തിൽ നിന്നും ലഭ്യമല്ല.

## **4-2** നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുകയൊന്നും കൈമാറിയിട്ടില്ല.

## **4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## **4-4 . (i)** വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാൻ അവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| ഒന്നുമില്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ | വായ്പയുടെ | ഉത്തരവ് | വായ്പ | തിരിച്ചടയ്ക്കാനുള്ള | തൻവർഷം | വർഷാവസാന |
|---|---|---|---|---|---|---|

| നം. | ഉദ്ദേശ്യം | നം./തിയ്യതി | തുക | മുൻബാക്കി | അടച്ചത് | | ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | സമ്പൂർണ്ണ ഭവന പദ്ധതി | 394/ 2010/ തസ്വഭവ തി. 4-2-10 | 1492700 | 2789923 | 2262600 | 126181 | 527323 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

ലഭ്യമല്ല എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49550066 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 110383146 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 148000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 872163 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-6 | 148000 | രഞ്ജിനി. സി.<br><br>ഹെഡ്മിസ്ട്രസ്സ് |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 100000 | വി.വി.ബിനി<br><br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-7 | 879163 | വി.ഭാസുരാംഗൻ<br><br>സെക്രട്ടറി |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 100000 | വി.വി. ബിനി<br><br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-7 | 879163 | വി. ഭാസുരാംഗൻ, സെക്രട്ടറി |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രഞ്ജിനി.സി. ഹെഡ്മിസ്ട്രസ്സ് | ജി.റ്റി.എസ്., പൂവൻചിറ (പാണഞ്ചേരി) | ചൊരിങ്ങാത്ത്, ചേർപ്പ് വെസ്റ്റ്, തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1992-93,1993-94 | എൽ .എഫ്.ടി9-1660/95/ 6.2.96 | |
| 1994-95,95-96 | എൽ . എഫ്. ടി9- 1646/ 7.2.98 | |
| 1996-97 ചെലവ് | എൽ.എഫ്.ടി11- 1430/ 98/12.4.99 | |
| 1996-97ഫൈനൽ | എൽ . എഫ്. ടി11- 1344/ 06/15.5.07 | |
| 1997-98ചെലവ് | എൽ . എഫ്. ടി11-1428/ 98/12.4.99 | |
| 1997-98 | എൽ.എഫ്. ടി11- 1345/06/ 15.5.07 | |
| 1998-99ചെലവ് | എൽ . എഫ്. ടി11- 1143/00/ 6.6.00 | |
| 1998-99ഫൈനൽ | എൽ.എഫ്.ടി11-1761/07/ 24.5.08 | |
| 99-00ചെലവ് | എൽ.എഫ്.ടി11-757/03/ 15.9.03 | |
| 99-00ഫൈനൽ | എൽ.എഫ്.ടി11-2364/07/ 27.5.08 | |

| | | |
|---|---|---|
| 00-01, 01-02 ഫൈനൽ | എൽ.എഫ്.ടി11-287/04/ 21.5.04 | |
| 2000-01,2001-02 | എൽ.എഫ്.ടി11-1734/07/ 25.5.08 | |
| 2002-03 | എൽ.എഫ്.ടി11-1048/08/ 31.8.09 | |
| 2003-04 | എൽ.എഫ്.ടി11-1049/08/ 31.8.09 | |
| 2004-05 | എൽ .എഫ്.ടി11-291/09 | |
| 2005-06 | എൽ.എഫ്.ടി11-1738/13.3.10 | |
| 2006-07 | എൽ .എഫ്.ടി11-1739/12/ 24.7.10/10.12.10 | |
| 2007-08 | എൽ .എഫ്.ടി.4-88/12/ 30.3.12 | |
| 2008-09 | എൽ .എഫ്.ടി.പി.4-89/12/ 31.3.12 | |
| 2009-10 | എൽ .എഫ്.ടി.പി 4-90/12/ 9.4.12 | |
| 2010-11 | എൽ .എഫ്.ടി.പി.4-91/12/ 4.4.12 | |
| 2011-12 | എൽ .എഫ്.ടിപി.4-855/13/ 7.9.13 | |
| 2012-13 | എൽ .എഫ്.ടിപി.8-218/14/ 16.9.14 | |
| 2013-14 | എൽ .എഫ്.ടി.പി8-13/15/ 8.5.15 | |
| 2014-15 | എൽ .എഫ്.ടി.പി.8-1064/16/ 30.6.16 | |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി 3)1891/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020,
തിയ്യതി: 01.11.2016, Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

വിശേഷണങ്ങൾ

1. ധനകാര്യവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല

2.ബജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല

31.3.16 വരെ സൃഷ്ടിക്കപ്പെട്ട ആസ്തി -ബാധ്യതകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

3.പിരിഞ്ഞു കിട്ടാനുള്ള /ലഭ്യത സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4.നിർവഹണഉദ്യോഗസ്ഥൻ മുഖേന നിർവഹണം നടത്തുന്ന പ്രോജക്റ്റുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്,ആദായനികുതി നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം എന്നില വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. വികസനഫണ്ട് (ജനറൽ)ന്റെ മുന്നിരിപ്പ് ACRഉം വാർഷിക കണക്കിലേതുമായി പൊരുത്തപ്പെടുന്നില്ല.

## AUDIT CERTIFICATE

No.KSA-TSR(P3)1891/16

Kerala State Audit Department,

District Audit Office, Thrissur-680 020,
Dated: 01.11.2016, Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Panancherry Grama panchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Panancherry Grama Panchcyath for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

QUALIFICATIONS

1.Stock report for the financial year wasn't prepared by the secretary.

2.Budget is not on function -functionary basis

3.All the assets and liabilities created upto 31.3.16 wasn't accounted in the annual financial statement

4.No provision was provided for debtors /doubtful debts

5.VAT,Income Tax,contribution to CWWF etc collected from various projects implemented by implementing officers wasn't accounted in the annual financial statement
6. Opening Balance of Development Fund (General) in the ACR and Annual Financial Statement don't agree.

# അനുബന്ധം - 2

## ഓഡിറ്റ് മൂല്യനിർണ്ണയ പത്രികയും സ്കോർ കാർഡും

തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ തനതുവിഭവ സമാഹരണം – ഓഡിറ്റ് മൂല്യനിർണ്ണയ പത്രികയും സ്കോർ കാർഡും.

### സ്കോർ കാർഡ്

| ക്രമ നം. | വിഷയം | ആകെ മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|---|
| 1 | വസ്തുനികുതി | 11 | 0 |
| 2 | അനിവാര്യ ചുമതലകളും സേവന ഉപനികുതിയും | 15 | 5 |
| 3 | പഞ്ചായത്തിന്റെ വസ്തു വകകളിൽ നിന്നുള്ള വരുമാനം | 8 | 1.5 |
| 4 | തൊഴിൽ നികുതി | 8 | 1 |
| 5 | പരസ്യനികുതി | 4 | - |
| 6 | വിനോദ നികുതി | 2 | - |
| 7 | ഡി&ഒ ലൈസൻസ് ഫീസ് | 5 | 0 |
| 8 | കെട്ടിട നിർമ്മാണ പെർമിറ്റ് | 3 | 0 |
| 9 | കാര്യക്ഷമമായ വിഭയ സമാഹരണത്തിൽ അധികാര സ്ഥാനങ്ങൾക്കുള്ള പങ്ക് | 27 | -2 |
| 10 | വിഭവ സമാഹരണ നിർവ്വഹണം | 12 | |
| 11 | സ്വകാര്യ മാർക്കറ്റ്/സ്വകാര്യ വണ്ടിത്താവളം | 1 | |
| 12 | കശാപ്പ് ശാല/ഇറച്ചിക്കട | 1 | |

| | | | |
|---|---|---|---|
| 13 | പന്നികൾക്കും പട്ടികൾക്കും ലൈസൻസിന് | 1 | |
| 14 | സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനം | 1 | |
| 15 | സ്വകാര്യ ആയുർവ്വേദ കേന്ദ്രങ്ങൾ | 1 | |
| ആകെ | | 100 | |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം - 3

## ഓഡിറ്റ് നടത്തിയതിൻെറ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2015-16)

| | |
|---|---|
| സ്ഥാപനം | പാണഞ്ചേരി ഗ്രാമ പഞ്ചായത്ത് |
| വിസ്തീർണ്ണം | 41.71 ച.കീമി |
| ജനസംഖ്യ | 46778 |
| വാർഡുകളുടെ എണ്ണം | 23 |
| ആകെ ജീവനക്കാരുടെ എണ്ണം | - |
| സ്ഥിരം | 15 |
| താൽക്കാലികം | - |
| കരാറടിസ്ഥാനത്തിൽ | 6 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി.ലത.എം.എൻ. | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീമതി.ചൈതന്യ പുരുഷോത്തമൻ | അസി.ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.ഹാരിഷ്.വി.എ | അസി.ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീമതി.രമാദേവി. കെ.ആർ. | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ദാമോദരൻ | 1.4.15മുതൽ 12.10.15 |
| | റോയ്.കെ.ദേവസ്സി | 13.10.15മുതൽ 31.10.15 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.15മുതൽ18.11.15 |
| | അനിത .കെ.വി | 19.11.15മുതൽ31.3.16 |
| സെക്രട്ടറി | ശ്രീ.ജോൺ.പി.ആർ.സെക്രട്ടറി ഇൻ ചാർജ് | 1-4-2015 മുതൽ 23-7-2015 FNവരെ |
| | ശ്രീ.ഭാസുരാംഗൻ.വി. | 23-7-2015AN മുതൽ 31-3-2016 |

<u>മറ്റ് നിർവ്വഹണോദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.ഹംസ.പി.ഐ. | 1-4-2015 മുതൽ 31-3-2016 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ജോൺജേക്കബ്ബ് | 1-4-2015 മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഷീല.എസ് | 1-4-2015 മുതൽ 31-3-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കൃഷ്ണകുമാരി. | 1-4-2015FN മുതൽ 22-12-2015 വരെ |
| | ശ്രീമതി.ദീപ്തി. എം.വി | 23-12-2015AN മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.എൻ .രാധിക. | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.കെ.ആശ | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.വി.വി.ബിനി. | 1-4-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഓ.കണ്ണാറ | രഞ്ജിത്ത് | 1-4-2015 മുതൽ15.7.15 വരെ |

| | | |
|---|---|---|
| വി.ഇ.ഓ.കണ്ണാറ | സുമിത | 16-7-2015 മുതൽ31.3.16വരെ |
| വി.ഇ.ഓ.പട്ടിക്കാട് | ഷൈജ.സി.വി. | 1-4-2015 മുതൽ15.7.15 വരെ |
| വി.ഇ.ഓ.പട്ടിക്കാട് | മീരാ വാര്യർ | 16-7-2015 മുതൽ31.3.16വരെ |
| വി.ഇ.ഓ.വാണിയംപാറ | അബ്ദുൽജലാൽ | 1-4-2015 മുതൽ15.7.15 വരെ |
| വി.ഇ.ഓ.വാണിയംപാറ | പ്രജിത | 16-7-2015 മുതൽ31.3.16വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | നന്ദിനി | 1-4-2015 മുതൽ 31-3-2016 വരെ |
| അസി.സെക്രട്ടറി | ജോൺ.പി.ആർ | 1-4-2015 മുതൽ 21-8-2015 വരെ |
| അസി.സെക്രട്ടറി | ഒഴിവ് | 22.8.15 മുതൽ 25-8-2015വരെ |
| അസി.സെക്രട്ടറി | ജെയിംസ്.കെ.സി | 26-8-2015 മുതൽ 16-9-2015FN വരെ |
| അസി.സെക്രട്ടറി | ജയലക്ഷ്മി.എം. | 16-9-2015AN മുതൽ 31-3-2016 വരെ |

ഡെപ്യൂട്ടി ഡയറക്ടർ